



# വികസനവും നീതിയും

എ.എ ഹലീം

**സമൂഹത്തിന്റെ** നിലനിൽപുമായി ഇഴപിരിക്കാനാവാത്ത വിധം ബന്ധപ്പെട്ട ഒന്നാണ് വികസനം. ഒരു ജനതയുടെ സമഗ്രവും സന്തുലിതവും സർവതോമുഖവുമായ പുരോഗതിയാണ് വികസനം കൊണ്ട് അർഥമാക്കുന്നത്. അതിനാൽ വികസനത്തിന്റെ ഭൗതിക തലങ്ങൾ പോലെ പ്രധാനമാണ് ആത്മീയവും അതിഭൗതികവുമായ തലങ്ങളും. ജീവിതത്തിന്റെ സർവതലസ്പർശിയായ പ്രക്രിയയെന്ന നിലയിൽ വികസനം ഈടുറ്റതും ഗുണമേന്മയുള്ളതുമാവുക, ഈ വശങ്ങളെല്ലാം പ്രാധാന്യപൂർവം പരിഗണിക്കപ്പെടുമ്പോൾ മാത്രമാണ്. വികസനത്തിന്റെ ലക്ഷ്യം ഉൽപാദന വർധനവ് മാത്രമല്ലെന്നും, മനുഷ്യരുടെ സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവുമായ മണ്ഡലങ്ങളെ കൂടി ഉൾക്കൊള്ളുമ്പോൾ മാത്രമേ വികസനപ്രക്രിയ പൂർണമാവുകയുള്ളൂവെന്നുമാണിത് സൂചിപ്പിക്കുന്നത്. വിഭവങ്ങൾ നീതിപൂർവം വിതരണം ചെയ്യപ്പെടുകയും ഉൽപന്നങ്ങൾ സമീകൃതമായി വിഭജിക്കപ്പെടുകയും ചെയ്യുമ്പോഴാണ് യഥാർഥ വികസനം സാധ്യമാവുക. സമൂഹത്തിന്റെ മൊത്തം നിലനിൽപും ഭാവി വളർച്ചയും ശോഭനമാക്കാൻ സാധ്യമാവുക അപ്പോൾ മാത്രം.

എന്നാൽ വികസനത്തെ അർഥപൂർണമാക്കുന്ന ഘടകങ്ങളുടെയും കാഴ്ചപ്പാടുകളുടെയും അഭാവത്തിൽ ഇന്നത് വിനാശകരമായി മാറിക്കൊണ്ടിരിക്കുന്നു. ഈ മൂല്യങ്ങളിൽ ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്നത് നീതിയാണ്. നീതിരഹിതമായ രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക ഘടനകൾക്കു കീഴിൽ ജീവിതം ദുരിതപൂർണവും ഭൂമി ജീവിക്കാൻ കൊള്ളാത്ത ഒരിടവും ആയിത്തീർന്നിരിക്കുന്നു. വികസനത്തെക്കുറിച്ച ഇടുങ്ങിയതും ഏകപക്ഷീയവുമായ കാഴ്ചപ്പാടാണ് ഇതിന് കാരണം. സമൂഹത്തിലെ ബഹുഭൂരിഭാഗം ജനവിഭാഗങ്ങൾക്കും ദീർഘകാലത്തേക്കോ എക്കാലത്തേക്കുമോ ദ്രോഹകരമാകുന്നതും ഒരു ചെറു ന്യൂനപക്ഷത്തിന് കുറഞ്ഞ കാലത്തേക്കുമാത്രം 'ഗുണപ്രദ'മാകുന്നതുമായ കെട്ടുകാഴ്ചകളും ആഭാസങ്ങളുമാണ് ഇന്ന് വികസനം. അംബരചുംബികളായ കെട്ടിടങ്ങളും വൻകിട ഫാക്ടറികളും കൂറ്റൻ അണക്കെട്ടുകളുമായി വികസനം അരങ്ങു തകർക്കുന്നു. വിഭവവർധനവിനോടൊപ്പം ദാരിദ്ര്യവും ദുരിതവും കൂടിവരുന്നതും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം അനുദിനം വർധിക്കുന്നതും സമ്പന്നവർഗത്തിന്റെ ആർത്തിയും ആഡംബരഭ്രമവും ദരിദ്രജനവിഭാഗത്തിന്റെ അത്യാവശ്യങ്ങളെ കീഴടക്കുന്നതും അതിന്റെ അടയാളങ്ങളാണ്. നീതിക്കു പകരം ലാഭത്തിന്റെ ഭാഷ മാത്രം വശമുള്ള കമ്പോളകേന്ദ്രിത വികസന രീതി ഉണ്ടാക്കിയ തകർച്ച ഭീകരമാണ്. വ്യക്തിയുടെ ദുരാഗ്രഹങ്ങളും ദുർമോഹങ്ങളും തേർവാഴ്ച നടത്തുന്ന ഒരു സാമൂഹിക ഘടനയിൽനിന്ന് ഇതല്ലാതെ മറ്റെന്താണ് പ്രതീക്ഷിക്കാനാവുക?

### അസമത്വത്തിന്റെ ആഴം

20 ശതമാനം പേർ 80 ശതമാനം വിഭവങ്ങൾ ഉപഭോഗിക്കുന്ന യൂറോപ്പും നാല് ശതമാനം വരുന്ന ഒരു ജനത ലോകവിഭവത്തിന്റെ 24 ശതമാനം കൈയടക്കിവെച്ചിരിക്കുന്ന അമേരിക്കയും ഭീമമായ അസമത്വത്തിന്റെ ദൃഷ്ടാന്തങ്ങളാണ്. കഴിഞ്ഞ 20 വർഷം

കൊണ്ട് ഭൂമിയുടെ വിഭവശേഷി 70 ഇരട്ടി വർധിച്ചപ്പോൾ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം 1:30-ൽനിന്ന് 1:700 ആയി വർധിച്ചു. വ്യക്തികളുടെ മാത്രമല്ല രാഷ്ട്രങ്ങളുടെ സ്ഥിതിയും ഇതുതന്നെ. 1971-ൽ ലോകത്ത് ദരിദ്രരാഷ്ട്രങ്ങളുടെ എണ്ണം 25 ആയിരുന്നത് 2001-ൽ 49 ആയി വർധിച്ചു. 95 ശതമാനം ജനങ്ങളുടെ പ്രതിദിന വരുമാനം ഒരു യു.എസ് ഡോളറിൽ താഴെയായ രാജ്യങ്ങളാണ് ദരിദ്രരാഷ്ട്രങ്ങളായി എണ്ണിപ്പോരുന്നത്.

ഹരിത വിപ്ലവത്തിനു ശേഷം ഭക്ഷ്യോൽപാദനത്തിൽ ഭീമമായ വർധനവുണ്ടായെങ്കിലും 400 കോടി ജനങ്ങൾക്ക് മതിയായ പോഷകാഹാരം ലഭിക്കുന്നില്ല. ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ അമ്പരപ്പിക്കുന്ന വികസനത്തിനിടയിലും 250 കോടി ആളുകൾക്ക് പാർപ്പിടമില്ല. ജലസേചന സൗകര്യങ്ങളുടെ അഭൂതപൂർവമായ വളർച്ചക്കിടയിലും 200 കോടി ജനങ്ങൾക്ക് കുടിവെള്ളമില്ല.

ഒന്നിച്ചുവളരാനും വളർച്ചയുടെ ഫലം ഒന്നിച്ചു പങ്കിടാനും ഇന്നത്തെ വികസന രീതി അനുവദിക്കുന്നില്ല. നീതിപൂർവമായ വിഭവവിതരണത്തിന്റെ അഭാവത്തിൽ ഉച്ചനീചത്വങ്ങൾ പെരുകുന്നു. അങ്ങനെ സമ്പന്നവിഭാഗം അവർക്ക് വേണ്ടി മാത്രം നിലനിർത്തുന്ന ചൂഷണോപാധികളായി ജനാധിപത്യം ഉൾപ്പെടെയുള്ള ഭരണക്രമങ്ങൾ അധഃപതിക്കുന്നു. വിഭവങ്ങൾ സമ്പന്നന്റെ ഖജനാവിലേക്ക് മാത്രമാണ് ഒഴുകുന്നത്. ലോകത്തെ മൊത്തം വിഭവങ്ങളുടെ കണക്കെടുത്താൽ അതിന്റെ 83.4 ശതമാനം ഏറ്റവും സമ്പന്നരായ 20 ശതമാനത്തിന്റെ കൈകളിലാണ്. സമ്പന്നരിൽ രണ്ടാം കാറ്റഗറിയിലുള്ള 20 ശതമാനം പേർക്ക് കിട്ടുന്നത് 11.3 ശതമാനമാണ്. തമ്മിലുള്ള അന്തരം വളരെ വലുതാണെന്ന് പറയേണ്ടതില്ല. ഏറ്റവും ദരിദ്രരായ 20 ശതമാനത്തിന് കിട്ടുന്നത് വിഭവങ്ങളിൽ 1.4 ശതമാനം മാത്രവും.

ഈ വ്യത്യാസം വർധിച്ചുതന്നെ വരുന്നു. 1965-ൽ ഏറ്റവും സമ്പന്നരായ 20ശതമാനത്തിന്റെ വിഹിതം 69.5 ശതമാനവും രണ്ടാമത്തെ 20 ശതമാനത്തിന്റേത് 21.2 ശതമാനവുമായിരുന്നു.

### വികസിത നാടുകളിൽ

മുന്നാക്ക രാജ്യങ്ങളിലെ സമ്പന്നത കുറച്ചാളുകളിൽ മാത്രമായി കറങ്ങുകയാണ്. അമേരിക്കൻ സാമ്പത്തിക വിദഗ്ധനായ RUDIGERDORN BUSCLT പറയുന്നു: 'റീഗൺ-ബുഷ് ഭരണകാലത്ത് അമേരിക്കയിലുണ്ടായ പ്രതിശീർഷ വരുമാനത്തിന്റെ 70 ശതമാനം നേട്ടം ലഭിച്ചത് ഉന്നതരായ ഒരു ശതമാനം വ്യക്തികൾക്കായിരുന്നു. മിക്കവാറും അമേരിക്കക്കാർക്കും, അവരുടെ പുതിയ തലമുറ കഴിഞ്ഞ തലമുറയേക്കാൾ സാമ്പത്തികമായി പുരോഗമിക്കുമെന്ന വിശ്വാസമില്ല.' മറ്റൊരു സാമ്പത്തിക വിദഗ്ധനായ ഇയാൻ റോബിൻസൺ: '1970-80 കളിൽ യു.എസ് സാമ്പത്തിക ഘടനയുടെ താഴെ തട്ടിലുള്ള അഞ്ച് ശതമാനത്തിന്റെ ശരാശരി വരുമാനത്തിൽ 18 ശതമാനത്തിന്റെ കുറവ് വന്നപ്പോൾ മേലെ തട്ടിലുള്ള അഞ്ച് ശതമാനത്തിന് 8 ശതമാനം വർധനവ് രേഖപ്പെടുത്തി.' വിഭവകേന്ദ്രീകരണം ഏറ്റവും കൂടുതലുള്ള വികസിത രാജ്യങ്ങളിൽ തന്നെയാണ് നീതിപൂർവകമായ വിഭവവിതരണം മരീചികയായി ത്തീർന്നിരിക്കുന്നത്. സാമ്പത്തിക അസമത്വം ഏറ്റവും കൂടുതൽ വർധിക്കുന്നത് അമേരിക്കയിലാണ്. സമ്പന്നനെ കൂടുതൽ സമ്പന്നനാക്കാനുള്ള യത്നത്തിൽ പാവപ്പെട്ടവൻ മാറ്റിനിർത്തപ്പെടുന്നു. അവന്റെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനോ അത്യാവശ്യങ്ങൾ നിവർത്തിക്കുന്നതിനോ സർക്കാറുകളും വിമുഖത കാട്ടുന്നു.

### ഇന്ത്യയുടെ അനുഭവം

നീതിരഹിതമായ സാമൂഹിക-സാമ്പത്തിക വ്യവസ്ഥ സൃഷ്ടിച്ച അസമത്വങ്ങൾ ഏറ്റവും ഗുരുതരമായിത്തീർന്ന

**വികസന പ്രക്രിയയും അതിന്റെ ഫലങ്ങളും നീതിപൂർവകമായിരിക്കണം എന്ന ഇസ്‌ലാമിന്റെ പ്രഖ്യാപിത നിലപാടിനെ ഇബ്നുഖൽദൂൻ കൃത്യമായി വിശദീകരിച്ചിട്ടുണ്ട്. വികസന സംരംഭങ്ങളിൽ സമത്വവും നീതിയും പുലരണമെന്നതാണതിന്റെ അന്തർധാര. മുതലാളിത്ത സമ്പദ്ഘടനയുടെ പ്രമുഖ ദാർശനികരിലൊരാളായ ആഡം സ്മിത്തിന് 300 കൊല്ലം മുമ്പ് ജീവിച്ച ഇബ്നുഖൽദൂൻ, നീതിയില്ലാതെ വികസന പ്രവർത്തനങ്ങൾ നടത്തുന്നത് തടയണമെന്ന് അഭിപ്രായപ്പെടുന്നു. അടിച്ചമർത്തൽ വികസനത്തിന് അന്ത്യം കുറിക്കും. സമ്പത്ത് ശുഷ്കിക്കുന്നുണ്ടെങ്കിൽ അത് അനീതിയുടെയും കൈയേറ്റത്തിന്റെയും അനിവാര്യഫലമാണ് എന്ന് മനസ്സിലാക്കുക.'**

രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. വികസനത്തിന്റെയും പുരോഗതിയുടെയും വിഹിതം, സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന പിന്നാക്ക ജനവിഭാഗങ്ങൾക്ക് നിഷേധിക്കപ്പെട്ട ചരിത്രമാണ് ഇന്ത്യയുടേത്. ഇവിടത്തെ പിന്നാക്ക ജനവിഭാഗങ്ങൾ അനുഭവിച്ചത്ര സാമൂഹിക അസമത്വവും ദുരിതവും മനുഷ്യചരിത്രത്തിൽ മറ്റൊരു സമൂഹവും അനുഭവിച്ചിട്ടുണ്ടാവില്ല. സമൂഹത്തെ അടക്കിവാണ മേധാവിത്വ ശക്തികളുടെ ആജ്ഞാനുവർത്തികളും അടിമകളുമായി കഴിയാൻ നിർബന്ധിതരായിത്തീർന്നു പിന്നാക്ക ജനവിഭാഗങ്ങൾ. വികസനത്തിന്റെ മുഖ്യ സൂചികകളായ വ്യാപാരം, സൈന്യം, ഉന്നത സിവിൽ സർവീസുകൾ, രാഷ്ട്രീയ കക്ഷികൾ എന്നിവയെയും സാമ്പത്തിക, ഭരണ, വിദ്യാഭ്യാസ, ഉദ്യോഗ മേഖലകളെയും ചെറു ന്യൂനപക്ഷം വരുന്ന സവർണർ കൈയടക്കി. ജാതി വ്യവസ്ഥയും വർണാശ്രമ ധർമവും അതിന്റെ ഭാഗമായി നിലനിന്ന ഭൂവുടമാ സമ്പ്രദായവും ബഹുഭൂരിഭാഗം വരുന്ന കീഴാള വിഭാഗങ്ങളെ ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിൽ നിന്നും പുറന്തള്ളിക്കൊണ്ടിരുന്നു. ഈ സാമൂഹിക പശ്ചാത്തലത്തിലേക്ക് വിരൽചൂണ്ടി ഡോ. അംബേദ്കർ പറഞ്ഞു: 'സാമൂഹിക-സാമ്പത്തിക രംഗങ്ങളിൽ ഒരു ന്യൂനപക്ഷത്തിന് പദവിയും ഐശ്വര്യവും ലഭിച്ചപ്പോൾ, മഹാ ഭൂരിപക്ഷം വരുന്ന ജനത അടിമത്തത്തിലും തീവ്രദാരിദ്ര്യത്തിലുമാണ് അകപ്പെട്ടത്. ഈ വൈരുധ്യങ്ങളെ അതിവേഗം ഇല്ലായ്മ ചെയ്യുന്നില്ലെങ്കിൽ, പീഡിത വർഗം ഈ നിയമനിർമാണ സഭ പടുത്തുയർത്തുന്ന രാഷ്ട്രീയ ജനാധിപത്യത്തിന്റെ മേൽക്കൂര തകർക്കുകതന്നെ ചെയ്യും.' ഇതേ തുടർന്നാണ് സ്വാതന്ത്ര്യാനന്തരം പിന്നാക്ക ജനവിഭാഗങ്ങളുടെ ഉദ്ധാരണാർഥം ഭരണഘടനയിൽ പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തിയത്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ ആറു പതിറ്റാണ്ടുകൾക്കു ശേഷവും സ്ഥിതിഗതികളിൽ വലിയ മാറ്റമൊന്നുമുണ്ടായിട്ടില്ലെന്നതാണ് അനുഭവം. മാത്രമല്ല നവസാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റവും ആഗോള വൽക്കരണത്തിന്റെ കെടുതികളും ഏറ്റവും കൂടുതൽ ബാധിക്കുന്നത് മുസ്‌ലിംകൾ ഉൾപ്പെടെയുള്ള പിന്നാക്ക ജനവിഭാഗങ്ങളെയാണ് എന്നും സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു.

ആധുനിക ഇന്ത്യയുടെ വികസന പരിസരത്തുനിന്ന് ദരിദ്ര ജനവിഭാഗങ്ങൾ ആട്ടിയിറക്കപ്പെടുന്നതിന്റെ ഉദാഹരണങ്ങൾ നിരവധിയാണ്. പൊതുജനാരോഗ്യത്തിനു വേണ്ടി സർക്കാർ ചെലവിന്റെ പത്ത് ശതമാനമെങ്കിലും നീക്കിവെക്കണമെന്ന് ഇന്ത്യൻ ഭരണഘടനയുടെ മാർഗ

നിർദേശകതത്ത്വങ്ങളിൽ പറയുന്നു. എന്നാൽ ഇപ്പോൾ ശരാശരി രണ്ടര ശതമാനം മാത്രമാണ് തദാവശ്യാർഥം നീക്കിവെക്കുന്നത്. അങ്ങനെ ആരോഗ്യരംഗത്തുണ്ടാവുന്ന പുരോഗതിയുടെ ഗുണഫലങ്ങൾ പാവപ്പെട്ടവന് തടയപ്പെടുക മാത്രമല്ല, അത് തികഞ്ഞ കച്ചവടമായി തരംതാഴുകയും ചെയ്തിരിക്കുന്നു. വിദ്യാഭ്യാസരംഗത്തും ഇതേ അനുഭവമാണ്. 6-നും 14-നും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യ നിർബന്ധിത വിദ്യാഭ്യാസം നൽകണമെന്നാണ് ഭരണഘടന വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ നീതിപൂർവകമായ ഒരു സമീപനം ഇക്കാര്യത്തിലും സ്വീകരിക്കപ്പെടുന്നില്ല.

ഉദാഹരണത്തിന് ഇന്ത്യൻ മുസ്‌ലിംകളുടെ കാര്യമെടുക്കാം: വികസനത്തിന്റെ മുഖ്യ സൂചകങ്ങളിലൊന്നായ വിദ്യാഭ്യാസ പുരോഗതിയിൽ സമുദായം തീർത്തും അവഗണിക്കപ്പെട്ടിരിക്കുന്നു. ആറിനും പതിനാലിനും ഇടക്ക് പ്രായമുള്ള മുസ്‌ലിം കുട്ടികളിൽ നാലിൽ ഒന്ന് ഒന്നുകിൽ സ്കൂളിൽ പോയിട്ടേയില്ല; അല്ലെങ്കിൽ പഠനം ഇടക്കുവെച്ച് നിർത്തിയതാണ്. പട്ടിണിയും ദാരിദ്ര്യവുമാണ് പ്രധാന കാരണം. പഠിച്ചാലും സാമൂഹിക വിവേചനത്തിനിടയിൽ സർക്കാർ ഉദ്യോഗമോ മറ്റു വല്ല തൊഴിലോ കിട്ടണമെന്നില്ല എന്ന വിചാരവും മുഖ്യധാരാ വിദ്യാഭ്യാസത്തിൽനിന്ന് മുസ്‌ലിംകളെ പിറകോട്ടു വലിക്കുന്നു. പഠിച്ചവരുടെ കാര്യമോ, ഭരണ നയരൂപവൽക്കരണ-രാഷ്ട്രീയ രംഗങ്ങളിൽ ഇടമില്ലാതെ അവർ ഒറ്റപ്പെടുന്നു.

കേരളത്തിലെ 2574 സ്കൂളുകൾ ആദായം ഉണ്ടാക്കുന്നില്ലെന്നതിനാൽ 299 എൽ.പി സ്കൂളുകളും 393 യു.പി സ്കൂളുകളും 82 ഹൈസ്കൂളുകളും അടച്ചുപൂട്ടുമെന്ന് ഏതാനും വർഷം മുമ്പ് അന്നത്തെ വിദ്യാഭ്യാസമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. 'ആദായ കരമായ വിദ്യാലയങ്ങൾ' എന്ന പ്രയോഗം നിലവിലെ വിദ്യാഭ്യാസ സമ്പ്രദായം ഏതു തരത്തിലുള്ള സമൂഹത്തെയാണ് സൃഷ്ടിക്കാൻ പോകുന്നതെന്നതിന്റെ സൂചനയാണത്. വിദ്യാഭ്യാസരംഗത്തെ സർവ നേട്ടങ്ങളും പണമുള്ളവർക്ക് മാത്രമായിരിക്കുമെന്ന നീതിരാഹിത്യവും ആ പ്രയോഗത്തിലുണ്ട്. നീതിയും ലാഭവും തമ്മിലുള്ള സംഘർഷമാണ് ഈ ദുരിതങ്ങൾക്ക് നിമിത്തമാവുന്നതെന്ന് കാണാൻ പ്രയാസമില്ല.

## നീതി സുസ്ഥിര വികസനത്തിന്റെ അനിവാര്യോപാധി

നീതിരഹിതമായ സാമൂഹിക ഘടനയിൽ വികസനപ്രക്രിയ ലക്ഷ്യം കാണുകയില്ലെന്നു മാത്രമല്ല സമ്പദ്ഘടന മുരടിക്കുകയും യഥാർഥ വികസനത്തിന് അന്ത്യം കുറിക്കപ്പെടുകയും ചെയ്യും. അതുകൊണ്ടാണ് സുസ്ഥിര വികസനത്തിന്റെ അനിവാര്യോപാധിയായി ഇസ്‌ലാം നീതിയെ പ്രതിഷ്ഠിച്ചത്. പ്രശസ്ത ഇസ്‌ലാമിക സമ്പദ്ശാസ്ത്ര പണ്ഡിതനായ പ്രഫ. ഖുർശിദ് അഹ്മദ് ഇസ്‌ലാമിക സാമ്പത്തിക ദർശനത്തിന്റെ മുഖ്യ സവിശേഷതകളെ ഇങ്ങനെ സംഗ്രഹിക്കുന്നു: 'ജീവിതം അഖണ്ഡവും വിഭജിക്കാനാവാത്തതുമാണ്. ഒരാളുടെ വ്യക്തിത്വത്തെ വിഭജിക്കാനാവാത്തതുപോലെ ഒരു ജനതയുടെ സംസ്കാരത്തെയും വിഭജിക്കാനാവുകയില്ല. മുഴുവൻ സാമൂഹിക സംവിധാനവും ഒരേയൊരു ചട്ടക്കൂടിനകത്താണ് പ്രവർത്തിക്കുന്നത്. സാമ്പത്തിക ജീവിതവും ഇതിൽനിന്നൊഴിവല്ല. സവിശേഷ പഠനം (Specialisation), തൊഴിൽ വിഭജനം തുടങ്ങിയവ ഇന്നത്തെ കാലത്തിന്റെ മുഖമുദ്രയാണെങ്കിലും ഓരോന്നും വെവ്വേറെയായി പരസ്പരം ബന്ധപ്പെടുത്താതെ കാണുന്ന പ്രവണത അവസാനിപ്പിക്കേണ്ടതുണ്ട്. ഒരു ജനതയുടെ വിശ്വാസം, ലോകവീക്ഷണം, ധാർമിക-സാംസ്കാരിക പശ്ചാത്തലം എന്നിവയിൽ വേരുകളുറപ്പിച്ചാണ്, ആ ജനതയുടെ സാമ്പത്തിക വീക്ഷണം രൂപപ്പെടേണ്ടത്. സമഗ്രമായ ഈ വീക്ഷണമുണ്ടെങ്കിലേ ജീവിതത്തിന്റെ എല്ലാ വശങ്ങളെയും കണക്കിലെടുക്കാൻ കഴിയൂ.'

**വികസനത്തിന്റെ ലക്ഷ്യം കേവലം ഭൗതികമായ ഉൽപാദന വർധനവല്ല. മനുഷ്യജീവിതത്തിന്റെ സർവതോമുഖമായ ക്ഷേമൈശ്വര്യവും വിഭവങ്ങളുടെ നീതിപൂർവകമായ വിതരണവും സാമൂഹിക നീതി കൈവരിക്കുന്നതിലുള്ള ജാഗ്രതയുമാണ് അത് ലക്ഷ്യമാക്കേണ്ടത്**

'ദൈവത്തിന്റെ പ്രതിനിധി (ഖലീഫ) എന്നതാണ് ഭൂമിയിൽ മനുഷ്യന്റെ സ്ഥാനം. ദൈവത്തിന്റെ ഇഛ എന്തോ അത് നടപ്പിലാക്കുകയാണ് മനുഷ്യന്റെ ജീവിതദൗത്യം. നന്മ പ്രചരിപ്പിക്കുക, തിന്മ തടയുക, നീതി(അദ്ൽ) നടപ്പിലാക്കുക, നല്ല കാര്യങ്ങളെ (ഇഹ്സാൻ) പ്രോത്സാഹിപ്പിക്കുക അങ്ങനെ വ്യക്തിക്കും സമൂഹത്തിനും നല്ല ജീവിതം ഉറപ്പുവരുത്തുക - ഇതാണ് ആ വീക്ഷണത്തിന്റെ കാതൽ' (ആഗോള മുതലാളിത്ത വെല്ലുവിളി: ഒരു ഇസ്‌ലാമിക പരിപ്രേക്ഷ്യം).

ഈയർഥത്തിൽ സാമ്പത്തിക ദർശനത്തിന്റെ അടിയാധാരമായി വർത്തിക്കുന്ന മൂല്യമാണ് അദ്ൽ അഥവാ നീതി എന്നു കാണാം. സമൂഹത്തിലെ ഓരോരുത്തർക്കും അവരവരുടെ അവകാശം നൽകുക എന്നതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. ഒരു ന്യൂനപക്ഷത്തിനു മാത്രം ഗുണം ചെയ്യുന്നതും ഭൂരിപക്ഷത്തിന്റെ അവകാശങ്ങളെ ഹനിക്കുന്നതുമായ ഇന്നത്തെ വികസനരീതി അതുകൊണ്ടുതന്നെ അബദ്ധജടിലവും അസ്വീകാര്യവുമാണ്. ഇസ്‌ലാമിക ചരിത്രത്തിലെ നിയമജ്ഞരും ചിന്തകന്മാരും പണ്ഡിതന്മാരുമെല്ലാം തന്നെ നീതി, നിയമ സംവിധാനത്തിന്റെയും സാമൂഹിക-സാമ്പത്തിക ചട്ടക്കൂടിന്റെയും ഇസ്‌ലാമിക ജീവിതത്തിന്റെയും ഒഴിച്ചുകൂടാനാകാത്ത ഘടകമാണ് എന്ന് സമർഥിച്ചിട്ടുള്ള കാര്യവും പ്രഫ. ഖുർശിദ് അഹ്മദ് ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഇമാം അബൂഹനീഫയുടെ പ്രമുഖ ശിഷ്യനും പ്രശസ്ത നിയമജ്ഞനുമായ ഇമാം അബൂയൂസുഫ് (മരണം 798/182) അബ്ബാസി ഖലീഫ ഹാറൂൻ റശീദിന് (മരണം 809/194) എഴുതി: 'അടിച്ചമർത്തപ്പെട്ടവർക്ക് നീതി നൽകുക. അനീതികളെ കടപുഴക്കുക; എങ്കിൽ വികസനം ത്വരിതപ്പെടുത്താം' (ഉദ്ധരണം: 'ആഗോള മുതലാളിത്ത വെല്ലുവിളി; ഒരു ഇസ്‌ലാമിക പരിപ്രേക്ഷ്യം'). ഹിജ്റ അഞ്ചാം നൂറ്റാണ്ടിലെ പ്രഗത്ഭ പണ്ഡിതനും രാഷ്ട്രമീമാംസകനുമായ ഇമാം അബുൽ ഹസൻ അൽമാവർദി പറയുന്നു: 'സമഗ്രവും സർവതല സ്പർശിയുമായ നീതിയാണ് ഐക്യവും സമാധാന വാഴ്ചയും വികസനവും സമ്പത്തിന്റെയും ജനസംഖ്യയുടെയും വർധനവും രാഷ്ട്രത്തിന്റെ സുരക്ഷിതത്വവും ഉറപ്പുവരുത്തുക', 'അനീതി പോലെ ലോകത്തെയും ജനമനസ്സുകളെയും ഇത്രവേഗം നശിപ്പിക്കുന്ന മറ്റൊന്നില്ല' (*അൽ അഹ്കാമുസ്സുൽത്വാനിയ്യ*).

ഏകദൈവ ദർശനത്തിന്റെ അനിവാര്യ ഫലമായാണ് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ (മരണം 1328/728) നീതിയെ കാണുന്നത്. 'എല്ലാറ്റിനോടും എല്ലാവരോടും നീതി പുലർത്താൻ ഓരോ വ്യക്തിയും ബാധ്യസ്ഥനാണ്. എല്ലാതരം അനീതിയും നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു. അനീതി ചെയ്യുന്നത് വിശ്വാസിയോടോ, അവിശ്വാസിയോടോ എന്ന വ്യത്യാസമൊന്നുമില്ല. അനീതി മാത്രം ചെയ്യുന്ന ഒരാളോടു

പോലും നീതി മാത്രമേ ചെയ്യാവൂ'.

## ഇബ്നുഖൽദൂൻ

വികസന പ്രക്രിയയിലെ നീതിദീക്ഷയെ സംബന്ധിച്ച് പ്രശസ്ത സാമൂഹിക ശാസ്ത്രജ്ഞൻ അബ്ദുർറഹ്മാൻ ഇബ്നുഖൽദൂൻ(മരണം 1406/808) പ്രകടിപ്പിച്ച അഭിപ്രായങ്ങൾ സവിശേഷ ശ്രദ്ധയർഹിക്കുന്നു. വികസന പ്രക്രിയയും അതിന്റെ ഫലങ്ങളും നീതിപൂർവകമായിരിക്കണം എന്ന ഇസ്ലാമിന്റെ പ്രഖ്യാപിത നിലപാടിനെ അദ്ദേഹം കൃത്യമായി വിശദീകരിച്ചിട്ടുണ്ട്. വികസന സംരംഭങ്ങളിൽ സമത്വവും നീതിയും പുലരണമെന്നതാണതിന്റെ അന്തർധാര. മുതലാളിത്ത സമ്പദ്ഘടനയുടെ പ്രമുഖ ദാർശനികരിലൊരാളായ ആഡം സ്മിത്തിന് 300 കൊല്ലം മുമ്പ് ജീവിച്ച ഇബ്നുഖൽദൂൻ, നീതിയില്ലാതെ വികസന പ്രവർത്തനങ്ങൾ നടത്തുന്നത് തടയണമെന്ന് അഭിപ്രായപ്പെടുന്നു. അടിച്ചമർത്തൽ വികസനത്തിന് അന്ത്യം കുറിക്കും. സമ്പത്ത് ശുഷ്കിക്കുന്നുണ്ടെങ്കിൽ അത് അനീതിയുടെയും കൈയേറ്റത്തിന്റെയും അനിവാര്യഫലമാണ് എന്ന് മനസ്സിലാക്കുക.' ഇപ്പറഞ്ഞതിൽനിന്ന് നീതി ഇസ്ലാമിക സാമ്പത്തിക സംവിധാനത്തിന്റെ ആത്മാവും ജീവശ്വാസവുമാണെന്ന് വ്യക്തമാവുന്നു.

സാമൂഹിക-സാമ്പത്തിക മേഖലകൾ തമ്മിലുള്ള അടുത്ത ബന്ധം സൂചിപ്പിച്ച് ഇബ്നുഖൽദൂൻ 14-ാം നൂറ്റാണ്ടിലെ ഒരു ഭരണാധികാരിക്ക് എഴുതിയ കത്തിനെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് പ്രഫ. ഖുർശിദ് അഹ്മദ് തന്റെ പ്രബന്ധം അവസാനിപ്പിക്കുന്നത്. അതിങ്ങനെ വായിക്കാം: 'ഇസ്ലാമിക നിയമ സംഹിത (ശരീഅത്ത്) നടപ്പാക്കിയാലേ രാഷ്ട്രം (മുൽക്) ശക്തിപ്പെടൂ. രാഷ്ട്രമില്ലാതെ ശരീഅത്ത് നടപ്പാക്കാനുമാകില്ല. രാഷ്ട്രത്തിന്റെ ശക്തി എന്നു പറയുന്നത് അതിലെ ജനങ്ങൾ (രിജാൽ) ആണ്. പണം (മാൽ) ഇല്ലെങ്കിൽ ഈ ജനങ്ങളെ പുലർത്താനാവുകയില്ല. വികസനം (ഇമാറ) ഇല്ലാതെ പണം നേടാനാവുകയില്ല. നീതി (അദ്ൽ)യിലൂടെ മാത്രമേ വികസനം സാധ്യമാവൂ. നീതിയാണ് ദൈവത്തിന് മനുഷ്യനെ വിലയിരുത്താനുള്ള മാനദണ്ഡം (മീസാൻ). നീതി നടപ്പിൽവരുത്തുക എന്ന ഉത്തരവാദിത്വം രാഷ്ട്രത്തിന്റേതാണ്. ഇതര മനുഷ്യരോടും പ്രപഞ്ചത്തോടും എങ്ങനെ പെരുമാറുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു ദൈവവുമായുള്ള അവന്റെ ബന്ധം' (ഉദ്ധരണം: 'ആഗോള മുതലാളിത്ത വെല്ലുവിളി: ഇസ്ലാമിക പരിപ്രേക്ഷ്യം').

നോബൽ സമ്മാന ജേതാവും ക്ഷേമ സാമ്പത്തിക ശാസ്ത്രത്തിന്റെ ശക്തനായ വക്താവുമായ പ്രഫ. അമർത്യ സെൻ നിരീക്ഷിക്കുന്നു: 'മൊത്തം ദേശീയോൽപാദനത്തിന്റെ (ജി.എൻ.പി) വളർച്ചയാണ് വികസനത്തിന്റെ ആത്യന്തിക ലക്ഷ്യം എന്ന് ചില വൃത്തങ്ങളെങ്കിലും കരുതുന്നുണ്ട്. ആ തെറ്റ് നാം ആവർത്തിക്കരുത്. നിരക്ഷരത, അനാരോഗ്യം, സാമൂഹിക അനീതി എന്നിവ നിർമാർജനം ചെയ്യുകയെന്ന പവിത്രമായ ലക്ഷ്യം നേടാനുള്ള ഉപാധിയായിരിക്കണം വികസനം' (ഇന്ത്യൻ ഡെവലപ്മെന്റ് പേജ്. 5).

വികസനത്തിന്റെ ലക്ഷ്യം കേവലം ഭൗതികമായ ഉൽപാദന വർധനവ് അല്ലെന്നും മനുഷ്യജീവിതത്തിന്റെ സർവതോമുഖമായ ക്ഷേമൈശ്വര്യവും വിഭവങ്ങളുടെ നീതിപൂർവകമായ വിതരണവും സാമൂഹിക നീതി കൈവരിക്കുന്നതിലുള്ള ജാഗ്രതയുമാണ് അത് ലക്ഷ്യമാക്കേണ്ടത് എന്നുമാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. ■